## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3627 15.05.2017 -ൽ മറുപടിക്ക്**

### മഞ്ചേരി ജസീല ജംഗ്ഷനിൽ ഫ്ലൈ ഓവർ

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.എം.ഉമ്മർ** | **ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) മഞ്ചേരി ജസീല ജംഗ്ഷനിൽ ഫ്ലൈ ഓവർ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ നിലവിൽ ഏതു ഘട്ടത്തിലാണ്; വിശദമാക്കാമോ; | (എ) ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് ഡിസൈൻ പൊതുമരാമത്ത് വകുപ്പ് ബ്രിഡ്ജ് ബോർഡിൽ തയ്യാറാക്കി വരുന്നു. ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതായിരിക്കും. |
| (ബി) പ്രസ്തുത പ്രവൃത്തിക്കായി എത്ര ഭൂമിയാണ് ഏറ്റെടുക്കേണ്ടത്; ആയതിന്റെ നടപടിക്രമങ്ങൾ വ്യക്ത മാക്കാമോ; | (ബി) പ്രസ്തുത പ്രവൃത്തിയ്ക്ക് മഞ്ചേരി വില്ലേജിൽ 520.8 $m^2$ ഉം സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. സ്ഥലം മുൻകൂർ ലഭ്യമാവില്ല എന്നതിനനുസരിച്ച് സ്ഥലമെടുപ്പ് നടപടികൾക്കായി ജില്ലാ കളക്ടർക്ക് അർത്ഥന നൽകിയിട്ടുണ്ട്. |
| (സി) ബജറ്റിൽ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാ നത്തിലുള്ള ഉത്തരവിലൂടെ അനുവദിച്ച തുക നാളിതുവരെയും ചെലവഴിക്കാൻ കഴിയാത്തതിന്റെ കാരണം വിശദ മാക്കാമോ; | (സി) സ്ഥലം മുൻകൂർ ലഭ്യമായിട്ടില്ല. ഡിസൈൻ ടെൻഡർ നടത്താൻ ശ്രമിച്ചെങ്കിലും ടെൻഡർ നടപടികൾ പൂർത്തീകരിക്കാൻ സാധിച്ചില്ല. ആയതിനാൽ ഡിസൈൻ ലഭ്യമാക്കുന്നതിനു വേണ്ടി പൊതുമരാമത്ത് വകുപ്പിലെ ബ്രിഡ്ജ് ബോർഡിലേയ്ക്ക് ഇൻവെസ്റ്റിഗേഷൻ വിശദാംശങ്ങൾ കൈമാറിയിട്ടുണ്ട്. |
| (ഡി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടും നാളിതുവരെയും സാങ്കേതിക അനുമതി നൽകാത്തതിന്റെ കാരണം വിശദമാക്കുമോ; | (ഡി) സ്ഥല ലഭ്യത ഉറപ്പാക്കിയതിന് ശേഷം മാത്രമേ സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |
| (ഇ) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത ഫ്ലൈഓവറിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയും എന്ന് അറിയിക്കാമോ? | (ഇ) സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ചതിന് ശേഷം മാത്രമേ സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെൻഡർ ചെയ്ത് ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |

S. Bindu

**സെക്ഷൻ ഓഫീസർ**